2829
7/2/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-ധനസഹായം നൽകുന്നതിനുള്ള നിലവിലെ വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

**സ.ഉ.(കൈ)നം. 44/2018/റവ. തിരുവനന്തപുരം തീയതി- 05/02/2018**

---

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി നിലവിൽ അവലംബിച്ചുവരുന്ന വ്യവസ്ഥകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1)മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 15000/- രൂപ വരെ അനുവദിക്കാൻ റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യവകുപ്പിന്റെ അക്കൗണ്ടിൽ നിന്നും പണം ട്രഷറിയിലേക്കും ട്രഷറിയിൽ നിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്കും എത്തിക്കുന്നതിന് ധനകാര്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

3) രോഗങ്ങളുടെ ചികിത്സാ ചെലവിന്റെ അടിസ്ഥാനത്തിൽ, ഡി.ആർ.എഫ് സെക്ഷനിൽ നിന്നും ശുപാർശ ചെയ്യാവുന്ന തുകയുടെ പരിധി ഒന്നര ലക്ഷമായി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഒരു വിദഗ്ധ സമിതിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവിധ രോഗങ്ങൾക്ക് തുക അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ രൂപീകരിച്ച് നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

4) അപകടമരണത്തിന് അനുവദിക്കുന്ന തുക 1 ലക്ഷം രൂപയായി തന്നെ തുടരാവുന്നതാണ്.

5) തീപിടുത്ത കേസുകളിൽ ഉണ്ടാകുന്ന നഷ്ടത്തിന് നിലവിൽ അനവദിക്കുന്ന പരമാവധി തുക 10000/- രൂപയിൽ നിന്നും 15000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

6) മെഡിക്കൽ സർട്ടിഫിക്കറ്റിൽ രോഗങ്ങൾക്ക് വിശ്വാസയോഗ്യമല്ലാത്തവിധം ചികിത്സാചെലവ് പെരുപ്പിച്ച് രേഖപ്പെടുത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ ഡോക്ടർമാർക്ക് നിർദ്ദേശം നൽകുവാൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ കളക്ടർമാർക്കും

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് അഡിഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ആരോഗ്യ വകുപ്പ്.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Sd/- A.S.

**സെക്ഷൻ ഓഫീസർ**